## വളർച്ചയുടെ നാൾവഴി...




*RBI യും ഗ്രീൻഎർത്ത് ഫാർമേഴ്സ് ക്ലബ്ബും ചേർന്ന് സംഘടിപ്പിച്ച സാമ്പത്തിക സാക്ഷരത പരിപാടി ബഹു. കാലിക്കറ്റ് സർവ്വകലാശാല വൈസ് ചാൻസലർ ശ്രീ. എ. അബ്ദുൽ സലാം ഉദ്ഘാടനം ചെയ്യുന്നു*



*റൂറൽ ബാങ്കും മിംസ് ഹോസ്പിറ്റലും ചേർന്ന് ഇടപാടുകാർക്കായി നടപ്പിലാക്കിയ ഇൻഷൂറൻസ് പദ്ധതിയുടെ രേഖകൾ ഡോ. അബ്ദുള്ള ചെറയക്കാട്ട് (എം.ഡി. മിംസ് ഹോസ്പിറ്റൽ) ബാങ്ക് പ്രസിഡണ്ടിന് നൽകുന്നു.*



*ബഹു. കേരള ടൂറിസം വകുപ്പ് മന്ത്രി ശ്രീ. എ.പി. അനിൽ കുമാർ ബാങ്കിന് ഗുണമേന്മയ്ക്കുള്ള അന്താരാഷ്ട്ര അംഗീകാരമായ ISO 9001-2008 ബഹുമതി നൽകുന്നു.*

സാധാരണക്കാരന്റെ ബാങ്ക്

# റൂറൽ മഹിള
### ക്രെഡിറ്റ് കാർഡ്




പ്രവർത്തനസമയം രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ

THENHIPALAM CO-OP RURAL BANK LTD. KOHINOOR
ISO 9001:2008 Certified Bank

ISO 9001:2008 Certified Bank
**Thenhipalam Co-operative**
**Rural Bank Ltd.**


Thenhipalam, Malappuram Dist. Pin - 673636, Kerala.,Tel : 0494 - 2402839 ,6540001, 6451571




# Thenhipalam Co-operative Rural Bank Ltd.

**2013 JANUARY 19 at 4pm KOHINOOR**

# Rural Mahila
CREDIT CARD

Launching By
**Sri Ariyadan Muhammed**
Hon. Minister for Transport & Electricity


ഈ സൗകര്യം പ്രവർത്തിക്കാനുള്ള ശക്തി തരും.
-ശ്രീകല ആനന്ദ്, ഉടമ,
ഫെയർ & ലൗലി ബ്യൂട്ടി പാർലർ


ഗൾഫിൽ നിന്ന് പണം വരാൻ
വൈകിയാലും ചിലവുകളെ ഇനി ഭയമില്ല.
- ഖൈറാബി കെ.ടി. വീട്ടമ്മ, ചേളാരി


നാളെയെ നേരിടാൻ
ഈ കാർഡ് ഞങ്ങൾക്ക് ധൈര്യം തരുന്നു.
- വിലാസിനിയും കൂട്ടുകാരും, ചെനക്കലങ്ങാടി


പണമില്ലാത്തത്
കൊണ്ട് ഒരു
സ്ത്രീയും ചൂഷണം
ചെയ്യപ്പെടുകയില്ല.
-ഗ്രേസി എ.എഫ്,
പ്രധാനാധ്യാപിക

## കാര്യപരിപാടി

സ്വാഗതം - **ശ്രീ. ടി.പി. തിലകൻ**
(വൈസ് പ്രസി, റൂറൽ ബാങ്ക്)

അദ്ധ്യക്ഷൻ - **ശ്രീ. പി.കെ. പ്രദീപ് മേനോൻ**
(പ്രസിഡണ്ട്, റൂറൽ ബാങ്ക്)

ഉദ്ഘാടനം - **ശ്രീ. ആര്യാടൻ മുഹമ്മദ്**
(ബഹു. വൈദ്യുതി ഗതാഗത മന്ത്രി)

ആശംസകൾ - **ശ്രീ. ഫിറോസ് കള്ളിയിൽ**
(പ്രസിഡണ്ട്, തേഞ്ഞിപ്പലം പഞ്ചായത്ത്)

**ശ്രീ. പി. രവീന്ദ്രൻ**
(AGM, Reserve Bank of India)

**ശ്രീ. കെ.പി. പത്മകുമാർ**
(DDM, Nabard)

**ശ്രീ. കെ. സദാനന്ദൻ**
(Asst. Registrar, Co-op Dept.)

**ശ്രീ. ബേബിരാജ്**
(Asst. Director, Co-op Dept.)

നന്ദി- **ശ്രീമതി ടി. ലത**
(സെക്രട്ടറി, റൂറൽ ബാങ്ക്)

## രാജ്യത്തിന് തന്നെ മാതൃക

*തേഞ്ഞിപ്പാലം സഹകരണ റൂറൽ ബാങ്ക് 2002 മുതൽ കോഹിനൂർ ആസ്ഥാനമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഹകരണ സ്ഥാപനമാണ്. 9,700 ൽ അധികം മെമ്പർമാരും 22 കോടിയിലധികം ബിസിനസും 19,000ൽ അധികം ഇടപാടുകാരുമുള്ള നമ്മുടെ ബാങ്ക് ചുരുങ്ങിയ കാലം കൊണ്ട് ഈ മേഖലയിൽ ഉണ്ടാക്കിയ മാറ്റം നിർണ്ണായകമാണ്. 2011 ൽ ഗുണമേന്മയ്ക്കുള്ള അന്താരാഷ്ട്ര അംഗീകാരമായ ISO 9001-2008 നേടാൻ ബാങ്കിന് സാധിച്ചിട്ടുണ്ട്. സ്ഥിര ജീവനക്കാരടക്കം 77-ഓളം ആളുകൾ പ്രവർത്തിക്കുന്ന ഈ സഹകരണപ്രസ്ഥാനം, സഹകരണ ബാങ്കുകൾ ജനകീയമായാണ് പ്രവർത്തിക്കേണ്ടത് എന്ന സന്ദേശം സമൂഹത്തിന് നൽകുന്നു.*

*സ്ത്രീ ശാക്തീകരണത്തിലൂടെ ഗ്രാമത്തിന്റെ വികസനം എന്ന കാഴ്ചപ്പാടോടെ തേഞ്ഞിപ്പലം സഹകരണ റൂറൽ ബാങ്ക് വനിതകൾക്കായി അവതരിപ്പിക്കുന്ന പുതിയ പദ്ധതിയാണ് **റൂറൽ മഹിളാ ക്രെഡിറ്റ് കാർഡ്.** വനിതകൾക്ക് അവിചാരിതമായി ഉണ്ടാകുന്ന സാമ്പത്തിക പ്രയാസങ്ങൾക്ക് ഒരു പരിഹാരമാണ് **റൂറൽ മഹിളാ ക്രെഡിറ്റ് കാർഡ്.** പരമാവധി 5,000 രൂപ വരെയുള്ള വായ്പാ പരിധിയാണ് ആദ്യഘട്ടത്തിൽ അനുവദിച്ചിട്ടുള്ളത്. ഇതിനായി ജാമ്യക്കാരോ, മറ്റ് ഭൂരേഖകളോ, സ്വർണ്ണ പണയങ്ങളോ ഇല്ലാതെ തന്നെ ഒരു സമയം 5,000/- രൂപവരെ വായ്പയായി ലഭിക്കുന്നു. അവിചാരിതമായ സാഹചര്യങ്ങൾ നേരിടാൻ സ്ത്രീകളെ പ്രാപ്തരാക്കുന്ന ഈ പദ്ധതി പൂർണ്ണമായും സ്ത്രീകൾക്ക് വേണ്ടി മാത്രമാണ്. ആദ്യ ഘട്ടത്തിൽ 2,000 സ്ത്രീകൾക്കാണ് ഈ അവസരം ബാങ്ക് നൽകുന്നത്. സ്ത്രീ നാടിന്റെ അഭിമാനമാണ്. സ്ത്രീകൾ സമൂഹത്തിന്റെ മുൻ നിരയിലേക്ക് വരേണ്ടത് നാടിന്റെ ആവശ്യമാണ്. ചില സന്ദർഭങ്ങളിലെങ്കിലും കൈയിൽ പണമില്ലാത്തത് കൊണ്ട് പിന്തള്ളപ്പെടേണ്ടിവരുന്ന സാഹചര്യം ഒരു വനിതക്കും ഉണ്ടാവരുതെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.*

*രാജ്യത്തിന് മൊത്തം മാതൃകയാവുന്ന ഈ പദ്ധതി 19.01.13ന് ശനിയാഴ്ച വൈകിട്ട് 4 മണിക്ക് കോഹിനൂരിൽ വെച്ച് ബഹു. ഗതാഗതവകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് അവർകൾ നാടിന് സമർപ്പിക്കുകയാണ്. താങ്കളുടെ മഹനീയ സാന്നിധ്യം തദവസരത്തിൽ ഉണ്ടാവണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.*

**പി.കെ. പ്രദീപ് മേനോൻ**
പ്രസിഡണ്ട്

**ടി. ലത**
സെക്രട്ടറി


എല്ലാ ആവശ്യങ്ങൾക്കും ഉപകരിക്കുന്നതാണീ കാർഡ്.
- എം.സി. ബീവി. ഉമ്മ,
ക്ഷീരകർഷക, ദേവതിയാൽ


എപ്പോൾ വേണമെങ്കിലും പണം ലഭിക്കുമെന്ന സൗകര്യം
ബിസിനസിൽ സഹായിക്കുന്നു.
- റാണി സുകേഷ്, ഉടമ, ഓറിയന്റ് ഇൻഷൂറൻസ്


അപ്രതീക്ഷിത ആശുപത്രി ചിലവുകൾ
നേരിടാൻ സഹായിക്കുന്നു.
- ഫാത്തിമ മലയിൽ, ചേളാരി

## വളർച്ചയുടെ നാൾവഴി...



*2012 നവംബർ മാസം പൂനെയിൽ വെച്ച് റിസർവ്വ് ബാങ്ക് സംഘടിച്ച അന്താരാഷ്ട്ര സഹകരണ സെമിനാറിൽ കേരളത്തെ പ്രതിനിധീകരിച്ചുകൊണ്ട് പങ്കെടുത്ത റൂറൽ ബാങ്ക് ഭാരവാഹികൾ റിസർവ് ബാങ്ക് ഗവർണർ ഡി. സുബ്ബറാവുവിനോടൊപ്പം.*




*റൂറൽ ബാങ്കിന്റെയും നബാർഡിന്റെയും സംയുക്ത സംരംഭമായ ഗ്രീൻ എർത്ത് ഫാർമേഴ്സ് ക്ലബ്ബിന്റെ ഉദ്ഘാടനം നബാർഡ് കേരള ചീഫ് ജനറൽ മാനേജർ ശ്രീ. കെ.സി. ശശിധർ നിർവ്വഹിക്കുന്നു.*



*കേന്ദ്രഗ്രാമവികസന മന്ത്രാലയത്തിന്റെയും തേഞ്ഞിപ്പലം സഹകരണ റൂറൽ ബാങ്കിന്റെയും നേതൃത്വത്തിൽ നടന്ന തൊഴിൽ പരിശീലനപരിപാടിക്ക് ശേഷം നിയമന ഉത്തരവ് ലഭിച്ചവർ ചേലേമ്പ്ര പഞ്ചായത്ത് ഭാരവാഹികൾക്കൊപ്പം.*